DESPATCHED
On...10/06/2020

20/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹാർജി നമ്പർ **AP. 581(7)/2013**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **3572**/എസ്.ഐ.സി-ജി 6/13)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പുതിയ വീട്ടിൽ ദാമോദരൻ,
S/o ദേവകി അമ്മ,
പാച്ചേനി. പരിയാരം അംശം,
പി.ഒ.തിരുവട്ടൂർ, പിൻ – 670 502.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സബ് രജിസ്ട്രാർ ഓഫീസ്,
മാതമംഗലം, കണ്ണൂർ ജില്ല.

2. അപ്പീൽ അധികാരി&
ജില്ലാ രജിസ്ട്രാർ (ജനറൽ),
ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്
മാതമംഗലം പി.ഒ., കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16.10.2012 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22.10.2012 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.11.2012 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 31.12.2012 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 14.03.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 18.03.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പുതിയ വീട്ടിൽ ദാമോദരൻ, 14.03.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 18.03.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.581(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതെ ഓഫീസിൽ ഹാജരായി പ്രസ്തുത വിവരങ്ങൾ ശേഖരിക്കാവുന്നതാണ് എന്നറിയിച്ചുകൊണ്ടുള്ള മറുപടിയാണ് നൽകിയതെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് എസ്.പി.ഐ.ഒ.യുടെ മറുപടി ശരിവയ്ക്കുകയാണ് ചെയ്തതെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 16.10.2012ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 22.10.2012ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 26.11.2012ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 31.12.2012ന് മറുപടി നൽകിയതായും കാണുന്നു.

4. 26.04.2013ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്കുള്ള മറുപടി 22.10.2012ൽത്തന്നെ നൽകിയെന്നും 1955 മുതൽ 2003വരെയുള്ള കാലയളവിൽ കൈമാറ്റം നടന്ന മുഴുവൻ ആധാരങ്ങളുടെ വിവരവും സാക്ഷ്യപ്പെടുത്തിയ പകർപ്പും നൽകുക എന്നത് ആഫീസിലെ ദൈനംദിന പ്രവർത്തനങ്ങളെയും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെയും ബാധിക്കുമെന്നും ആയതിനാൽ ആഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിക്കാമെന്നാണ് അറിയിച്ചതെന്നുമാണ്. ടി മറുപടിയ്ക്കെതിരെ ടിയാൻ സമർപ്പിച്ച അപ്പീലിന്മേൽ രണ്ടാം എതിർകക്ഷി റിപ്പോർട്ട് ആവശ്യപ്പെടുകയും ആയതുപ്രകാരം സമർപ്പിച്ച റിപ്പോർട്ടു പ്രകാരം ഹർജിക്കാരന് നോട്ടീസ് അയച്ച് വിവരങ്ങൾ പരിശോധിക്കുവാനും ഹർജിക്കാരന് ആവശ്യമുള്ള പക്ഷം ശേഖരിക്കാനും സൗകര്യം ലഭ്യമാക്കിയ ടി ഓഫീസിലെ നടപടി നിയമാനുസൃതമാണെന്ന് അംഗീകരിച്ച് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 15.01.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 1955 മുതൽ 2003വരെയുള്ള കാലയളവിൽ കടന്നപ്പള്ളി അംശം ചെറുവിച്ചേരി ദേശത്ത് റി.സർവ്വെ 59/7ൽ നടന്ന മുഴുവൻ ആധാരങ്ങളുടെയും വിവരങ്ങളും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുന്നതിനുമുള്ളതായിരുന്നു ടിയാന്റെ അപേക്ഷയെന്നും ടി വിവരങ്ങൾ നൽകുക എന്നത് ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുമെന്നതിനാലാണ് ഓഫീസിൽ നേരിട്ട് ഹാജരായി പരിശോധിക്കാൻ ആവശ്യപ്പെട്ടതെന്നുമാണ്. കൂടാതെ ടിയാൻ ഏതെങ്കിലും ഒരു പ്രത്യേക വസ്തു സംബന്ധിച്ചോ ഏത് വ്യക്തിയുടെ പേരിലുള്ള രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങളാണ് അറിയേണ്ടതെന്നോ അപേക്ഷയിൽ വ്യക്തമാക്കിയിരുന്നില്ലെന്നും ഒരു നിശ്ചിത വസ്തുവിന്റെ കൈമാറ്റങ്ങളാണ് ആവശ്യമെങ്കിൽ ആയത് കുടിക്കിട സർട്ടിഫിക്കറ്റ് അപേക്ഷ നൽകിയും ടിയാന് ലഭ്യമാക്കാവുന്നതാണെന്ന് ടിയാനെ അറിയിച്ചിട്ടുണ്ടെന്നുമാണ്.

6. ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും അംഗികരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/